പ്പെടുകയോ/സൈനിക സേവനംമൂലം സ്ഥിരമായ അംഗവൈകല്യം സംഭവിച്ച് സൈനിക സേവനത്തിൽനിന്നും വിരമിച്ചവരോ ആയവരുടെ അടുത്ത ആശ്രിതർക്കും ഈ നിയമനത്തിൽ ഇളവു നൽകിയിട്ടുണ്ട്.

(ബി) മേൽ വിവരിച്ച വിഭാഗത്തിൽ ഉൾപ്പെടുന്നവരൊഴികെ എല്ലാ വിഭാഗം ജീവനക്കാർക്കും ബാധകമാണ്.

(സി) ഇല്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്.

(ഇ) ബാധകമാണ്.

(എഫ്) അതെ.

(ജി) ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

60 (686) ബി.ഡി.ഒ. മാരുടെ നിയമനം

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ തസ്തികയിൽ നേരിട്ട് നിയമനം നടത്തുന്നതിനായി പി.എസ്.സി. അവസാനമായി അപേക്ഷ ക്ഷണിച്ചത് എന്നാണ്; എത്ര ഒഴിവുകൾക്കു വേണ്ടിയാണ് അപേക്ഷ ക്ഷണിച്ചിരുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ഒഴിവുള്ള തസ്തികയിൽ നിയമനം നടത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 28.1.92-ലെ ഗസറ്റ് വിജ്ഞാപന പ്രകാരമാണ് അപേക്ഷ ക്ഷണിച്ചത്. ഒഴിവുകളുടെ എണ്ണം കണക്കാക്കപ്പെട്ടിട്ടില്ല എന്നാണ് പ്രസ്തുത വിജ്ഞാപനത്തിൽ പറഞ്ഞിരുന്നത്. എന്നാൽ ഇപ്പോൾ നേരിട്ടുള്ള നിയമനത്തിന് 30-ഉം തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് 22-ഉം ഒഴിവുകളുണ്ട്.

(ബി) പ്രസ്തുത തസ്തികയ്ക്കുള്ള നിയമനത്തിനായി 25.11.98-ന് നടത്തിയ പ്രാഥമിക എഴുത്തുപരീക്ഷയുടെ ഫലം 31.3.99-ൽ പ്രസിദ്ധീകരിച്ചു. തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ പൂർത്തിയായി കഴിവതുംവേഗം നിയമന ശുപാർശ നൽകുന്നതിനായി പി.എസ്.സി. നടപടികൾ സ്വീകരിച്ചുവരുന്നു.

61 (687) സഹകരണ ബാങ്കുകളിലേയ്ക്ക് പി.എസ്.സി. വഴിയുള്ള നിയമനം

ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. വി. ബാലറാം :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly